KSACS

**Kerala State AIDS Control Society**
Red Cross Road
Thiruvananthapuram - 695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: info@ksacs.in

**20.08.2009**

# റെഡ് റിബണ്‍ ക്ലബ്ബുകള്‍ പ്രൊഫഷണല്‍ കോളജുകളിലും; സാമ്പത്തിക സഹായം യൂണിവേഴ്സിറ്റികള്‍ വഴി

**തിരുവനന്തപുരം:** കോളജുകളിലെ റെഡ് റിബണ്‍ ക്ലബ്ബുകളുടെ പ്രവര്‍ത്തനങ്ങള്‍ വിപുലപ്പെടുത്താന്‍ തിരുവനന്തപുരത്ത് ചേര്‍ന്ന കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെയും നാഷണല്‍ സര്‍വീസ് സ്കീമിന്റെ (എന്‍.എസ്.എസ്) യും ഉന്നതോദ്യോഗസ്ഥരുടെ യോഗത്തില്‍ ധാരണയായി.

സംസ്ഥാനത്തെ 164 പ്രൊഫഷണല്‍ കോളജുകളിലും ആയുര്‍വേദ - ഹോമിയോ മെഡിക്കല്‍ കോളജുകളിലും റെഡ് റിബണ്‍ ക്ലബ്ബുകള്‍ ഉടന്‍ ആരംഭിക്കും. റെഡ് റിബണ്‍ ക്ലബ്ബുകളുടെ പ്രവര്‍ത്തനങ്ങള്‍ക്കായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി നല്‍കി വരുന്ന സാമ്പത്തിക സഹായം ഇനി മുതല്‍ യൂണിവേഴ്സിറ്റികളിലെ എന്‍എസ്എസ് കോ ഓര്‍ഡിനേറ്റര്‍മാര്‍ വഴിയാകും നല്‍കുക. ഇതു വരെ ഇത് കോളജ് പ്രിന്‍സിപ്പല്‍മാര്‍ വഴിയാണ് വിതരണം ചെയ്തിരുന്നത്.

കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി അഡീഷണല്‍ പ്രോജക്ട് ഡയറക്ടര്‍ ഡോ. ടി.വി വേലായുധന്‍, ബോധവത്കരണവിഭാഗം ജോയിന്റ് ഡയറക്ടര്‍ എസ്. അജയ്കുമാര്‍, ഫിനാന്‍സ് ഡപ്യൂട്ടി ഡയറക്ടര്‍ സി. ജയചന്ദ്രന്‍, യൂത്ത് അഫയേഴ്സ് കണ്‍സള്‍ട്ടന്റ് വി.ജെ നിജോ, എന്‍.എസ്.എസ് സ്റ്റേറ്റ് ലെയ്സണ്‍ ഓഫീസര്‍ അനിത ശങ്കര്‍, യൂത്ത് അഫയേഴ്സ് ഓഫീസറും എന്‍എസ്എസ് റീജണല്‍ ഓഫീസറുമായ സാമുവല്‍ ചെല്ലയ്യ തുടങ്ങിയവരാണ് ചര്‍ച്ചയില്‍ പങ്കെടുത്തത്.

*ഈ കുറിപ്പ് താങ്കളുടെ വാര്‍ത്തകളില്‍ ഉള്‍പ്പെടുത്തണമെന്ന് അഭ്യര്‍ത്ഥിക്കുന്നു.*

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടര്‍ (ബോധവത്കരണം)**